LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടികളുടെ വൈദ്യുതീകരണം

205(1190) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതീകരിക്കാത്ത അങ്കണവാടികൾ വൈദ്യുതീകരിക്കുമെന്ന പ്രഖ്യാപനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വൈദ്യുതീകരണം സർക്കാരിന്റെ 100 ദിന പരിപാടിയിൽ 'പ്രത്യേക ഡ്രൈവ്' ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 31-8-2021-നകം പ്രസ്തുത അങ്കണവാടികളുടെ വൈദ്യുതീകരണം സാദ്ധ്യമാക്കുന്നതിനായുള്ള തീവ്ര പ്രവർത്തനങ്ങൾ ഊർജ്ജ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് KSEBL വഴിയും, വൈദ്യുതീകരണം സാദ്ധ്യമാകാത്ത പ്രദേശങ്ങളിലെ അങ്കണവാടികളിൽ ANERT-മായി സഹകരിച്ച് സോളാർ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളുടേയും വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരമുള്ള എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വൈദ്യുതീകരണത്തിനായി സർക്കാരിന്റെ 100 ദിനപരിപാടിയിൽ 12 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം

206(1191) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ 228 അങ്കണവാടികളിൽ 22 അങ്കണവാടികൾക്ക് പുതിയ കെട്ടിടവും 124 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണവും 80 അങ്കണവാടി കെട്ടിടങ്ങളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിവെള്ളവും 18 അങ്കണവാടി കെട്ടിടങ്ങൾക്ക് വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. 38 അംഗൻവാടികൾ ചുമർ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി നവീകരണത്തിന് പദ്ധതി വിഹിതം ചെലവഴിച്ചു. പഴക്കംമൂലം ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ പൊളിച്ച് പുതുക്കിപ്പണിതു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ 22 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ല. ഇതിൽ 13 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയില്ല. സ്വന്തമായി ഭൂമിയുള്ള 9 അങ്കണവാടികളിൽ 5 എണ്ണത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമായിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് അടിസ്ഥാനസൗകര്യത്തിന് അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ ചുറ്റുമതിൽ ഇല്ലാത്ത 39 അങ്കണവാടികളും കുടിവെള്ള സൗകര്യമില്ലാത്ത 33 അങ്കണവാടികളും വൈദ്യുതീകരിക്കാത്ത 9 അങ്കണവാടികളുമാണുള്ളത്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ

207(1192) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി സർക്കാർ തലത്തിൽ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേനയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളും യഥാക്രമം അനുബന്ധം I, II, III

LIBRARY ARCHIVES Kerala Legislative Assembly